<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6485</u> <u>20-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ഇരിമ്പിളിയം- എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം, എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി പ്രവൃത്തികൾ 92% പൂർത്തിയായിട്ടുണ്ട്. പദ്ധതിക്കായുള്ള പവർ ലൈൻ എക്സ്റ്റൻഷനായി 24.77 ലക്ഷം രൂപ കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ട്. എക്സ്റ്റൻഷൻ പ്രവൃത്തികൾ കെ.എസ്.ഇ.ബി. നിർവ്വഹിച്ചു വരുന്നു. ഏപ്രിൽ 15 ഓടു കൂടി പവർലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തിയാക്കാനാകുമെന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. പവർ കണക്ഷൻ ലഭിച്ച് കഴിഞ്ഞ് രണ്ടാഴ്ചക്കകം പമ്പ് ഇറക്ഷൻ, റോ വാട്ടർ പമ്പിങ് മെയിൻ, ഇൻറർ കണക്ഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനാകും. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പാക്കേജ് 2, പാക്കേജ് 3 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പാക്കേജ്-2 പ്രവൃത്തി 83%വും, പാക്കേജ്-3 92% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പാക്കേജ്-2 പ്രവൃത്തിയിൽ വളാഞ്ചേരി-അങ്ങാടിപ്പുറം റോഡിൽ ഇരുവശങ്ങളിലും 3.5 കിലോമീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കൽ, ചീക്കോട്-ചെങ്കണ്ടപടി റോഡിൽ 2.8 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കൽ, പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി എന്നിവ അവശേഷിക്കുന്നുണ്ട്.<br><br>പാക്കേജ്-3ൽ നിലവിലെ പഴയ പമ്പ് സെറ്റുകൾ മാറ്റി പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കാനുള്ള പ്രവൃത്തി ശേഷിക്കുന്നുണ്ട്.<br><br>നിലവിലെ ജലവിതരണം തടസ്സപ്പെടാതിരിക്കുന്നതിന്, കെ.എസ്.ഇ.ബി. പവർ കണക്ഷൻ ലഭ്യമാക്കിയതിന് ശേഷം മാത്രമേ പഴയ പമ്പ് സെറ്റുകൾ മാറ്റിസ്ഥാപിക്കാൻ കഴിയുകയുള്ളൂ. പദ്ധതി ഏപ്രിൽ 30നകം കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ